## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2007 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുൻപ് നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുൻപ് 20 ലക്ഷം രൂപ മാസ വരുമാനമുള്ള ഹോട്ടലുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി ഉണ്ടായിരുന്നോ; എങ്കിൽ ഏത് നികുതിയായിരുന്നു; അത് എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ; | (എ) | വാറ്റ് നിയമപ്രകാരം 10 ലക്ഷത്തിനുമുകളിൽ വാർഷിക വരുമാനമുള്ള ഹോട്ടലുകൾക്ക് 5% വാറ്റ് അടയ്ക്കണമായിരുന്നു. കൂടാതെ വിറ്റുവരവ് പരിധിയില്ലാതെ അരശതമാനം കോമ്പൗണ്ടിംഗ് നികുതിയും ഉണ്ടായിരുന്നു. കൂടുതൽ ഹോട്ടലുകളും അത്തരം നികുതിയാണ് അടച്ചുവന്നിരുന്നത്. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കുമ്പോൾ ഹോട്ടലുകളിൽനിന്നും ജി.എസ്.ടി നമ്പർ അടക്കമുള്ള ബില്ല് ഉപഭോക്താക്കൾക്ക് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കുന്നതാണ്. ജി.എസ്.ടി നിയമപ്രകാരം രജിസ്ട്രേഷനുള്ള വ്യാപാരികൾ മാത്രമേ നികുതി പിരിക്കാവൂ. കൂടാതെ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ നികുതി പിരിക്കാൻ പാടില്ല. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതിനെക്കുറിച്ചുള്ള ബോധവത്കരണപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇന്റലിജൻസ് വിങ്ങിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ